# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 3314.

08-11-2019 ൽ മറുപടിയ്ക്ക്

## നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിച്ച നടപടി

**ചോദ്യം**

ശ്രീ.പി.കെ.ബഷീർ
,, ടി. വി. ഇബ്രാഹിം
,, മഞ്ഞളാംകുഴി അലി

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്ത് നെൽകൃഷി കുറഞ്ഞുവരുന്ന സാഹചര്യത്തിൽ ആയത് പ്രോത്സാഹിപ്പിക്കുന്നതിനും നെൽകൃഷിയുടെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിനും ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വിശദാംശം ലഭ്യമാക്കുമോ;

(എ) സംസ്ഥാനത്ത് നെൽകൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തൃതി കുറഞ്ഞിട്ടില്ല എന്നു മാത്രമല്ല, വിസ്തൃതി വർദ്ധിക്കുകയും ചെയ്തു. 2015-16 സാമ്പത്തിക വർഷം ഉണ്ടായിരുന്ന 1,96,870 ഹെക്ടർ നെൽകൃഷിയിൽ നിന്നും 2017-18 ൽ 2,20,449 ഹെക്ടറായി വർദ്ധിപ്പിക്കാൻ സാധിച്ചു. 2018 ആഗസ്റ്റിലെ മഹാപ്രളയത്തിൽ 35,000 ഹെക്ടർ നെൽകൃഷി പൂർണ്ണമായും നഷ്ടപ്പെട്ടിട്ടും 2018-19 സാമ്പത്തിക വർഷം 2,02,985 ഹെക്ടർ നെൽകൃഷി നിലനിറുത്താൻ സാധിച്ചിട്ടുണ്ട്. ഈ നൂറ്റാണ്ടിലെ ഏറ്റവും വലിയ പ്രളയം ഉണ്ടായിട്ട് പോലും 2018-19 വർഷത്തിൽ 2016-17 വർഷത്തേക്കാൾ 26% നെല്ല് ഉല്പാദന വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

സംസ്ഥാനാവിഷ്കൃത പദ്ധതികൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വികേന്ദ്രീകൃതാസൂത്രണം വഴി നടപ്പിലാക്കുന്ന പദ്ധതികൾ, കേന്ദ്രാവിഷ്കൃത പദ്ധതികൾ എന്നിവ നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി നടപ്പിലാക്കി വരുന്നു. ഈ പഞ്ചവൽസര പദ്ധതി പൂർത്തിയാകുമ്പോൾ നിലവിലുള്ള നെൽകൃഷി വിസ്തൃതി 3 ലക്ഷം ഹെക്ടർ ആക്കുന്നതിനായിരുന്നു സർക്കാർ ലക്ഷ്യമിട്ടിരുന്നത്. 2018 ആഗസ്റ്റിലെ മഹാപ്രളയവും 2019 ജൂൺ ജൂലൈ മാസങ്ങളിലെ വരൾച്ചയും ആഗസ്റ്റ മാസത്തിലെ പ്രളയവും വിസ്തൃതി വ്യാപനത്തിനു അനല്പമായ തടസ്സം സൃഷ്ടിച്ചു.

നെൽകൃഷി വികസനം എന്ന സംസ്ഥാനാവിഷ്കൃത പദ്ധതി പ്രകാരം സുസ്ഥിര നെൽകൃഷി വികസനത്തിനു ഹെക്ടറൊന്നിനു 5,500/- രൂപയും, സവിശേഷ നെല്ലിനങ്ങളായ ഞവര, രക്തശാലി, പൊക്കാളി, ബസ്മതി, ജീരകശാല, ഗന്ധകശാല തുടങ്ങിയവയുടെ

വികസനത്തിനു ഹെക്ടറിനു 10,000/- രൂപയും, ഒരുപ്പ കൃഷി ഇരുപ്പുവാക്കുന്നതിനു 10,000/- രൂപയും, കരനെൽ കൃഷിക്ക് 13,600/- രൂപയും ധനസഹായമായി നൽകും. തരിശ് നിലത്തിലെ കൃഷിക്ക് ഹെക്ടറൊന്നിന് ഒന്നാം വർഷം 30,000/- രൂപയും രണ്ടാം വർഷം 7,000/- രൂപയും മൂന്നാം വർഷം 4,500/- രൂപയുമാണു ധനസഹായം നൽകുന്നത്. നെല്ലിനു കുമ്മായ വസ്തുക്കൾ നൽകുന്നതിനു 5,400/- രൂപയും സൂക്ഷ്മമൂലകങ്ങൾ നൽകുന്നതിനു 500/- രൂപയും ധനസഹായം നൽകുന്നു. പദ്ധതി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ഗ്രൂപ്പ് ഫാമിങ് സമിതികൾക്ക് ഹെക്ടറിന് 360/- രൂപ എന്ന നിരക്കിൽ പ്രവർത്തന ധനസഹായം നൽകുന്നുണ്ട്.

നെൽ കർഷകർക്ക് ഉൽപാദന ബോണസായി ഹെക്ടറിന് 1,000/- രൂപ നൽകി പദ്ധതി നടപ്പിലാക്കി വരുന്നു.

നെൽകൃഷിക്ക് ഭൂപരിധിയില്ലാതെ ജലസേചനത്തിനായി സൗജന്യ വൈദ്യുതി അനുവദിക്കുന്നു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന വികേന്ദ്രീകൃതാസൂത്രണ പദ്ധതികൾ പ്രകാരം കൂലിച്ചിലവ് സബ്സിഡി 17,500/- രൂപ വരെ നൽകാൻ കഴിയും. നെൽ വിത്ത് പൂർണ്ണമായും സൗജന്യമായി നൽകുന്നു.

നെൽകൃഷിയുടെ വികസനത്തിനായി കേന്ദ്ര സർക്കാർ സഹായത്തോടെ ദേശീയ ഭക്ഷ്യ സുരക്ഷ പദ്ധതി, RAD-NMSA, ആർ.കെ.വി.വൈ എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

ദേശീയ ഭക്ഷ്യ സുരക്ഷ പദ്ധതി പാലക്കാട് ജില്ലയിൽ നടപ്പിലാക്കുന്നു. പ്രദർശനത്തോട്ടങ്ങൾ സംഘടിപ്പിക്കുക, ഗുണമേന്മയുള്ള വിത്ത് വിതരണം, മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ, സൂക്ഷ്മ മൂലകങ്ങളുടെ പ്രയോഗം, സസ്യ സംരക്ഷണം, കാർഷിക യന്ത്രവൽക്കരണം, ഗ്രൂപ്പടിസ്ഥാനത്തിലുള്ള പ്രാദേശിക മുൻകൈ സംരംഭ പ്രവർത്തനങ്ങൾ എന്നിവയ്ക്കാണു പദ്ധതി പ്രകാരമുള്ള ആനുകൂല്യം നൽകുന്നത്. ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതിപ്രകാരം 100 ഹെക്ടർ വിസ്തൃതിയുള്ള ക്ലസ്റ്ററുകളിൽ വിവിധ പ്രദർശനത്തോട്ടങ്ങൾ ചെയ്യുന്നതിന് ഹെക്ടറൊന്നിന് 9,000/- രൂപ ധനസഹായം നൽകുന്നുണ്ട്. ക്രോപ്പിങ് സിസ്റ്റം പ്രദർശനത്തോട്ടത്തിന് ഹെക്ടറൊന്നിന് 15,000/- രൂപയും ഹൈബ്രിഡ് വിത്തുപയോഗിക്കുന്നതിന് ഒരു ക്വിന്റലിന് 10,000/- രൂപയും, റിലീസ് ചെയ്തിട്ട് 10

| | | | |
|---|---|---|---|
| | | | വർഷത്തിൽ താഴെയുള്ള അത്യുല്പാദന ശേഷിയുള്ള വിത്തിന്റെ ഉപയോഗത്തിന് ക്വിന്റലിന് 2,000/- രൂപയും, റിലീസ് ചെയ്തിട്ട് 10 വർഷത്തിൽ കൂടുതലുള്ള അത്യുല്പാദന ശേഷിയുള്ള വിത്തിന്റെ ഉപയോഗത്തിന് ക്വിന്റലിന് 1.000/- രൂപയും നൽകുന്നുണ്ട്. സൂക്ഷ്മമൂലകവളങ്ങൾ വാങ്ങുന്നതിന് ഹെക്ടറിന് 500/- രൂപയും കുമ്മായവസ്തുക്കൾ വാങ്ങുന്നതിന് ഹെക്ടറിന് 1,000/- രൂപയും, കീടനാശിനി/ജൈവ കീടനാശിനി വാങ്ങുന്നതിന് ഹെക്ടറിന് 500/- രൂപയും, കളനാശിനി വാങ്ങുന്നതിന് ഹെക്ടറിന് 500/- രൂപയും ആനുകൂല്യം നൽകുന്നുണ്ട്. മരുന്നു തളിക്കുന്നതിനുള്ള സ്പ്രേയറിന് 600/- രൂപയും പവർ സ്പ്രേയറിന് 3.000/- രൂപയും വിന്നോവറിന് 10,000/- രൂപയുമാണ് സബ്സിഡി നൽകുക. പമ്പുസെറ്റ് സ്ഥാപിക്കുന്നതിന് 10.000/- രൂപ സബ്സിഡി നൽകുന്നുണ്ട്.<br>RAD-NMSA തൃശ്ശൂർ, കണ്ണൂർ, വയനാട് ജില്ലകളിൽ നെല്ല് അടിസ്ഥാനമാക്കിയുള്ള കൃഷി സമ്പ്രദായത്തിനു ഹെക്ടറൊന്നിനു 50% സബ്സിഡി (പരമാവധി 10,000/- രൂപ) നൽകുന്നു. ജലസേചന ഉപകരണങ്ങൾ വാങ്ങിക്കുന്നതിനും, മണ്ണിലെ അമ്ലത പരിഹരിക്കുന്നതിനുള്ള പരിപോഷണവസ്തുക്കളുടെ പ്രയോഗത്തിനും, മണ്ണ് ജല സംരക്ഷണത്തിനും 50% സബ്സിഡി നിരക്കിൽ ധനസഹായം നൽകുന്നുണ്ട്.<br>രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതിയിലെ 'Productivity Improvement of Paddy in Kerala' എന്ന ഘടകവും നടപ്പാക്കുന്നു. ഇതുപ്രകാരം കുമ്മായവസ്തുക്കൾ വാങ്ങുന്നതിന് ഹെക്ടറിന് 1,000/- രൂപയും, സൂക്ഷ്മമൂലകവളങ്ങൾ വാങ്ങുന്നതിന് ഹെക്ടറിന് 500/- രൂപയും, സംയോജിത കീടനിയന്ത്രണത്തിന് 500/- രൂപയും, യന്ത്രവൽക്കരണത്തിന് ഹെക്ടറിന് 1,500/- രൂപയും ഉൾപ്പെടുത്തി ഹെക്ടറൊന്നിന് പരമാവധി 3,500/- രൂപയുടെ ധനസഹായം നൽകും. |
| (ബി) | ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് 2016-ന് ശേഷം നെല്ലുൽപാദനത്തിൽ ഉണ്ടായ വർദ്ധനവ് എത്ര ശതമാനമാണെന്ന് വ്യക്തമാക്കുമോ; | (ബി) | 2016-17 ൽ 6,82,004.69 മെട്രിക് ടൺ നെല്ലായിരുന്നു ഉല്പാദിപ്പിച്ചത്. 2017-18 ൽ 8,14,546.88 മെട്രിക് ടൺ ആയി വർദ്ധിപ്പിക്കാൻ സാധിച്ചു. 2018-19-ൽ പ്രകൃതിക്ഷോഭം മൂലം വിസ്തൃതിയിൽ ഗണ്യമായ കുറവുണ്ടായിട്ടും 8,64,143.98 മെട്രിക് ടൺ നെല്ല് ഉല്പാദിപ്പിക്കാൻ സാധിച്ചു. 2016-ലെ ഉല്പാദനത്തെക്കാൾ 26.7% വർദ്ധനവ് ഉണ്ടായിട്ടുണ്ട്. |
| (സി) | ഈ സർക്കാർ അധികാരമേറ്റതിനു | (സി) | കൃഷിഭൂമിയുടെ വിസ്തൃതിയിൽ കുറവ് ഉണ്ടായിട്ടില്ല. |

| | | | |
|---|---|---|---|
| | ശേഷം കൃഷിഭൂമിയുടെ വിസ്തൃതിയിൽ ഉണ്ടായ കുറവ് എത്രയാണെന്ന് വെളിപ്പെടുത്തുമോ; | | 2015-16 സാമ്പത്തിക വർഷം ഉണ്ടായിരുന്ന 1,96,870 ഹെക്ടർ നെൽകൃഷിയിൽ നിന്നും 2017-18-ൽ 2,20.449 ഹെക്ടറായി വർദ്ധിപ്പിക്കാൻ സാധിച്ചു. 2018 ആഗസ്റ്റിലെ മഹാപ്രളയത്തിൽ 35,000 ഹെക്ടർ നെൽകൃഷി പൂർണ്ണമായും നഷ്ടപ്പെട്ടിട്ടും 2018-19 സാമ്പത്തിക വർഷം 2.02.985 ഹെക്ടർ നെൽകൃഷി നിലനിറുത്താൻ സാധിച്ചിട്ടുണ്ട്. അതായത്. 2015-16 സാമ്പത്തിക വർഷം നിലവിലുണ്ടായിരുന്നതിനെക്കാൾ 6,115 ഹെക്ടർ സ്ഥലത്ത് അധികമായി നെൽകൃഷി ചെയ്തിട്ടുണ്ട്. |
| (ഡി) | എങ്കിൽ തരിശ്ശായി കിടക്കുന്ന വയലുകളും കോൾ നിലങ്ങളും കൃഷി ചെയ്യുന്നതിനും കരനെൽ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുമായി എന്തെല്ലാം പുതിയ പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (ഡി) | നെൽകൃഷിയിലേക്ക് മുഴുവൻ തരിശുനിലങ്ങളെയും മടക്കി കൊണ്ട് വരുന്നതിനു വേണ്ടി തരിശുനില കൃഷിക്ക് കർഷകനും ഭൂവുടമകൾക്കും സഹായധനമായി ഹെക്ടറൊന്നിനു ഒന്നാം വർഷത്തെ കൃഷിക്ക് 30.000/- രൂപയും രണ്ടാം വർഷം 7,000/- രൂപയും മൂന്നാം വർഷം 4.500/- രൂപയും നൽകുന്നു. 2016-17 സാമ്പത്തിക വർഷം മുതലുള്ള മൂന്ന് വർഷങ്ങളിലായി 11.936.0781 ഹെക്ടർ തരിശുനില കൃഷിയിലേക്ക് കൊണ്ടു വന്നു (2016-17 ൽ 2782.3857 ഹെക്ടറും. 2017-18 ൽ 5485.686 ഹെക്ടറും, 2018-19-ൽ 3668.0064 ഹെക്ടറും). നടപ്പുവർഷവും 3000 ഹെക്ടർ സ്ഥലത്ത് തരിശുനില കൃഷി നടപ്പാക്കും.<br>നാലു വർഷങ്ങളിലായി നടപ്പിലാക്കിവരുന്ന സമഗ്ര നെൽകൃഷി വികസനം എന്ന സംസ്ഥാനാവിഷ്കൃത പദ്ധതിയുടെ ഭാഗമായി കരനെൽകൃഷി പ്രോൽസാഹിപ്പിക്കുന്നതിനായി ഹെക്ടറിന് 13,600/- രൂപ സബ്സിഡി നൽകി വരുന്നു. മൂന്ന് വർഷങ്ങളിലായി 7715.20406 ഹെക്ടർ സ്ഥലത്ത് കരനെല്ല് കൃഷി ചെയ്യാൻ സാധിച്ചു. (2016-17-ൽ 2752.092 ഹെക്ടറും, 2017-18-ൽ 2624.64 ഹെക്ടറും, 2018-19 ൽ 2338.47 ഹെക്ടറും). |
| (ഇ) | ഉടമസ്ഥർ കൃഷി ചെയ്യാതെ തരിശിടുന്ന പ്രദേശങ്ങളിൽ പ്രാദേശിക സ്വയം സഹായ സംഘങ്ങൾക്ക് കൃഷി ചെയ്യുന്നതിന് പ്രോത്സാഹനം നൽകുന്ന കാര്യം പരിഗണിക്കുമോ? | (ഇ) | പ്രാദേശിക സ്വയംസഹായ സംഘങ്ങൾക്ക് നിലവിലും തരിശുഭൂമി പാട്ടത്തിനെടുത്ത് നെൽകൃഷി ചെയ്യാവുന്നതാണ്. തരിശുകൃഷിയുടെ ആനുകൂല്യം ഹെക്ടറിനു 30,000/- രൂപ നൽകുന്നത് 25,000/- രൂപ കർഷകനും 5,000/- രൂപ ഭൂവുടമയ്ക്കും എന്ന നിലയ്ക്ക് വ്യവസ്ഥ ചെയ്തിരിക്കുന്നത് തരിശുനിലം ഏറ്റെടുത്ത് കൃഷി ചെയ്യുന്ന പ്രവണത പ്രോത്സാഹിപ്പിക്കുന്നതിന് തന്നെയാണ്. |

സെക്ഷൻ ഓഫീസർ